# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1171 31.10.2019 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ ദേശീയപാത വികസനത്തിൽ അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ; | കേരളത്തിൽ ദേശീയപാത വികസനത്തിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സ്ഥലമേറ്റെടുക്കുന്നതിൽ വരുന്ന കാലതാമസമാണ്. സ്ഥലമേറ്റെടുക്കലിനായി വേണ്ടി വരുന്ന തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ് എന്നാണ് NHAI-യും MoRTH-ഉം പറയുന്നത്. |
| ബി) പ്രസ്തുത പ്രതിസന്ധികൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1,High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ,3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം ) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ **02.05.2019** ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത് .തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1 ലേക്ക് മാറ്റുന്നതിനും തയ്യാറായി. |

| | | | |
|---|---|---|---|
| | | | തുടർന്ന് ദേശീയപാത66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 08.08.2019 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. |
| സി) | ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിൽ സംസ്ഥാന വിഹിതം എത്ര ശതമാനം തുകയാണെന്ന് അറിയിക്കാമോ; | സി | ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്കാവശ്യമായി വരുന്ന തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും ദേശീയപാത വികസനം തടസ്സപ്പെടാതിരിക്കാൻ അത് അംഗീകരിച്ച് ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. |
| ഡി) | ദേശീയപാത വികസനം എന്നത്തേക്ക് ആരംഭിക്കാമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | ഡി | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നും വില തഹസിൽദാർ (CALA) യെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്.<br>തലശ്ശേരി - മാഹി ബൈപ്പാസ് പ്രവൃത്തി പുരോഗതിയിലാണ്. കോഴിക്കോട് ബൈപ്പാസ് പ്രവൃത്തി കരാർ വെച്ചെങ്കിലും, കരാറുകാരന്റെ വീഴ്ചകാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നു.<br>കാസർകോഡ് ജില്ലയിലെ തലപ്പാടി - ചെങ്ങള, ചെങ്ങള ; നീലേശ്വരം , കോഴിക്കോട് ജില്ലയിലെ മൂരാട്, പാലൊളി പാലങ്ങൾ എന്നിവ ടെണ്ടർ |

നടപടിയിലാണ്. കഴക്കൂട്ടം മേൽപ്പാലം, നീലേശ്വരം ആർ.ഒ.ബി എന്നിവ പുരോഗതിയിലാണ്.

ബാക്കി റീച്ചുകൾ ഭൂമിയെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ